(ഡി) കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഇലക്ട്രോണിക്സ് എന്നീ വിഷയങ്ങളിൽ സെറ്റ് യോഗ്യത നിഷ്കർഷിച്ചിട്ടില്ല. കൂടാതെ എം.എഡ്./പി.എച്ച്.ഡി/എം.ഫിൽ/എൻ.ഇ.റ്റി./ജെ.ആർ.എഫ്/എസ്.എൽ.ഇ.റ്റി. എന്നീ യോഗ്യതയുള്ളവർക്കും നിർബന്ധമല്ല.

(ഇ) കൃത്യമായ കണക്കുകൾ ലഭ്യമായിട്ടില്ല. വിവരം ശേഖരിച്ചു വരുന്നു.

(എഫ്) വിശദമായ ചർച്ചകൾ പല തലങ്ങളിൽ നടത്തി എല്ലാ കാര്യങ്ങളും വിലയിരുത്തിയശേഷമാണ് സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിക്കുന്നത്. ആയതിനാൽ മുൻപ് നിലവിലിരുന്ന എക്സിക്യൂട്ടീവ് ഓർഡറുകളിലെ എല്ലാ ഇളവുകളും സ്പെഷ്യൽ റൂളുകളിൽ വരുത്തി റൂളുകൾക്ക് ഭേദഗതി വരുത്തണമെന്ന നിർദ്ദേശം പ്രായോഗികമല്ല.

ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ അപ്രൂവൽ

124 (1434) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എ. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ നിയമന അപ്രൂവൽ സംബന്ധിച്ച് കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. 1999-2000, 2000-2001, 2001-2002 എന്നീ മൂന്ന് വർഷങ്ങളിലെ 7648 അദ്ധ്യാപക തസ്തികകൾ ജി.ഒ.(എം.എസ്) 261/2001/പൊ.വിവ ഉത്തരവ് പ്രകാരം 17-8-2001-ൽ മാത്രമാണ് സൃഷ്ടിച്ചത്. ഇത്രയേറെ അദ്ധ്യാപകരുടെ നിയമനാംഗീകാരം നടത്തുന്നത് സംബന്ധിച്ച് സ്വാഭാവികമായ കാലതാമസം അനുഭവപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തീവ്രയത്നത്തിന്റെ ഫലമായി 6400 -ലേറേ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സുപ്രീം കോടതിയുടെ വിധി പ്രകാരമുള്ള നിയമനനിരോധനം നിലനിന്ന കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിരുന്നില്ല. ഇത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് പിന്നീടുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം സംബന്ധിച്ച വിവിധ വശങ്ങൾ പരിശോധിച്ചും പ്രസ്തുത അദ്ധ്യാപകരെ നേരിൽ കേട്ടും തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly